**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4488** **29-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി സെറ്റിൽമെന്റുകളിൽ നിന്നുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. സജീവ് ജോസഫ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി സെറ്റിൽമെന്റുകളിൽ നിന്നുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, നബാർഡ് ആർ.ഐ.ഡി.എഫ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൂടാതെ, തദ്ദേശ സ്വയം ഭരണ വകുപ്പ് ടി.എസ്.പി. ഫണ്ട് ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതി, നബാർഡ് ആർ.ഐ.ഡി.എഫ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികൾ തുടർ പദ്ധതികളായി നടപ്പിലാക്കി വരുന്നു. |
| (ബി) | വാഹന ഗതാഗത സൗകര്യമുള്ള പാതകളുള്ളതും ഇല്ലാത്തതുമായ സെറ്റിൽമെന്റുകളുടെ വിശദവിവരം ലഭ്യമാണോ; | (ബി) | വാഹന ഗതാഗത സൗകര്യമുള്ള പാതകളുള്ളതും ഇല്ലാത്തതുമായ സെറ്റിൽമെന്റുകളുടെ വിവരം നിലവിൽ ലഭ്യമല്ല. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സോഷ്യോ ഇക്കണോമിക് സർവ്വെയിൽ കോളനിയധിഷ്ഠിത, കുടുംബാധിഷ്ഠിത അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയ പുരോഗമിച്ചു വരുന്നു. ടി റിപ്പോർട്ട് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗതാഗത യോഗ്യമായ റോഡുകളുടെ വിശദ വിവരം വകുപ്പിൽ ലഭ്യമാകുന്നതാണ്. |
| (സി) | പത്തു കിലോമീറ്ററിലേറെ ദൂരം കാൽനട യാത്ര വേണ്ടിവരുന്ന സെറ്റിൽമെന്റുകളുണ്ടോ എന്നറിയിക്കാമോ; എങ്കിൽ വിശദവിവരം നൽകാമോ? | (സി) | വാഹന ഗതാഗത സൗകര്യമുള്ള പാതകളുള്ളതും ഇല്ലാത്തതുമായ സെറ്റിൽമെന്റുകളുടെ വിവരം നിലവിൽ ലഭ്യമല്ല. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സോഷ്യോ ഇക്കണോമിക് സർവ്വെയിൽ കോളനിയധിഷ്ഠിത, കുടുംബാധിഷ്ഠിത അടിസ്ഥാന |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയ പുരോഗമിച്ചു വരുന്നു. ടി റിപ്പോർട്ട് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗതാഗത യോഗ്യമായ റോഡുകളുടെ വിശദ വിവരം വകുപ്പിൽ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ